LIBRARY ARCHIVES Kerala Legislative Assembly

ജയിൽ നവീകരണത്തിനുള്ള ചെലവ്

92 (1847) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ജയിൽ നവീകരണത്തിനായി എന്ത് തുക ചെലവഴിച്ചു ;

(ബി) പ്രസ്തുത തുകകൊണ്ട് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) 3262.92 ലക്ഷം രൂപ.

(ബി) പ്രസ്തുത തുകകൊണ്ട് പുതിയ ജയിലുകൾ നിർമ്മാണം, നിലവിലുള്ള ജയിലുകൾക്ക് പുതിയ ബാരക്കുകളും ബ്ലോക്കുകളും നിർമ്മാണം, വീഡിയോ കോൺഫറൻസിംഗ് സംവിധാനം, ഏർപ്പെടുത്തൽ, സർവെയ്ലൻസ് സംവിധാനം, മൊബൈൽ ഫോൺ ജാമർ എന്നിവ സ്ഥാപിക്കൽ, ജയിലുകളുടെ കമ്പ്യൂട്ടർവൽക്കരണം, ജയിലുകളിലേക്ക് പുതിയ വാഹനങ്ങൾ വാങ്ങൽ, ജയിലിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, പുതിയ ജയിൽ ആസ്ഥാന കാര്യാലയ നിർമ്മാണം, മഴവെള്ള സംഭരണികൾ, ബയോഗ്യാസ് പ്ലാന്റ്, ജനറേറ്റർ മുതലായവ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പുതിയ ജയിൽ ചട്ടങ്ങൾ

93 (1848) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതിയ ജയിൽ നിയമത്തിനനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

ഉണ്ട്. കരട് ചട്ടം സർക്കാരിന്റെ പരിശോധനയിലാണ്.

പരോൾ വ്യവസ്ഥകൾ

94 (1849) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽശിക്ഷ അനുഭവിക്കുന്ന കുറ്റവാളികൾക്ക് പരോൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) ഏതെല്ലാം കുറ്റവാളികൾക്കാണ് പരോൾ അനുവദിക്കാത്തത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തടവുകാർക്ക് പരോൾ അനുവദിച്ചു ;

(ഡി) അവരിൽ എത്രപേർ തിരികെയെത്തി ;

(ഇ) പരോളിൽ വിടുന്ന തടവുകാർ തിരിച്ചെത്താതിരുന്നാൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത് ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചട്ടങ്ങൾ പാലിക്കാതെ തടവുകാരെ പരോളിൽ വിട്ടത് സംബന്ധിച്ച് ഹൈക്കോടതി സർക്കാരിനെതിരെ എന്തെങ്കിലും പരാമർശം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ജി) ഈ സർക്കാർ പരോൾ അനുവദിച്ച തടവുകാർ മോഷണം, കവർച്ച, കൊള്ള, മാഫിയാപ്രവർത്തനം, കൊലപാതകം എന്നീ പ്രവർത്തികളിൽ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ?

ഉത്തരം

(എ) നല്ല നടപ്പുള്ള ദീർഘകാല ശിക്ഷാ തടവുകാർക്ക് ശിക്ഷയുടെ മുന്നിൽ ഒന്നോ അല്ലെങ്കിൽ രണ്ടുവർഷമോ ഏതാണോ കുറവ് ശിക്ഷ പൂർത്തിയാക്കിയവർക്ക് ബന്ധപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ടിന്റെ ശിപാർശ/ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1958-ലെ കേരള ചട്ടം 453 പ്രകാരം 30 ദിവസത്തെ സാധാരണ അവധി അനുവദിക്കുന്നു. തടവുകാരന്റെ അച്ഛൻ, അമ്മ, പുത്രൻ, പുത്രി, ഭാര്യ, ഭർത്താവ്, സഹോദരൻ, സഹോദരി, ചെറുമകൻ, ചെറുമകൾ, അപ്പൂപ്പൻ, അമ്മൂമ്മ, അമ്മായിയച്ഛൻ, അമ്മായിയമ്മ, അമ്മയുടെ സഹോദരൻ ഇവരുടെ മരണം അത്യാസന്നനിലയിലുള്ള രോഗം, പുത്രൻ, പുത്രി, സഹോദരി, സഹോദരൻ, ചെറുമകൻ, ചെറുമകൾ, ഭാര്യാസഹോദരൻ, ഭർത്തൃസഹോദരൻ, സഹോദരൻ/സഹോദരിയുടെ പുത്രൻ/പുത്രി എന്നിവരുടെ വിവാഹം, വാസഗൃഹത്തിന്റെ പൂർണ്ണമായോ ഭാഗികമായോ ഉള്ള നാശം, പ്രൊബേഷണറി ഓഫീസർ ശിപാർശ ചെയ്യുന്ന അസാധാരണമായ മറ്റു കാരണങ്ങൾ തുടങ്ങിയ അടിയന്തിര സാഹചര്യം പരിഗണിച്ച് കേരള ജയിൽ ചട്ടം 454 പ്രകാരം ബന്ധപ്പെട്ട അധികാരികളുടെ സർട്ടിഫിക്കറ്റിന്റെയും പോലീസ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അടിയന്തിരാവധി അനുവദിക്കുന്നു ഇതിനു പുറമേ തുറന്ന ജയിലിൽ ഒരു വർഷം ശിക്ഷാ കാലാവധി പൂർത്തീകരിച്ച തടവുകാർക്ക് പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജയിൽ ചട്ടങ്ങൾ 466(എ) വകുപ്പുപ്രകാരം വർഷത്തിലൊരിക്കൽ 15 ദിവസത്തെ ഹോം ലീവ് അനുവദിച്ചുവരുന്നു.

(ബി) ദേശസുരക്ഷയ്ക്കെതിരെ കുറ്റം ചെയ്ത് ശിക്ഷിക്കപ്പെട്ടവർക്കും, സ്ഥിരം കുറ്റവാളികൾക്കും ഇന്ത്യൻ ശിക്ഷാ നിയമം 392 വകുപ്പു മുതൽ 402 വകുപ്പുവരെയുള്ള കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവർക്കും മാനസിക രോഗികളായിട്ടുള്ള തടവുകാർക്കും പരോളിനു അർഹതയില്ലെന്ന് ജയിൽ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. ജീവപര്യന്തം ശിക്ഷയോടൊപ്പം ഐ.പി.സി. 392 മുതൽ 402 വരെയുള്ള വകുപ്പുകൾ പ്രകാരം ശിക്ഷയുണ്ടെങ്കിൽ ടി വകുപ്പുപ്രകാരമുള്ള ശിക്ഷ കഴിഞ്ഞാൽ ടി തടവുകാരന് പരോൾ അനുവദിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 927.

(ഡി) 919.

(ഇ) ബന്ധപ്പെട്ട പോലീസ് സബ് ഇൻസ്പെക്ടർമാർക്കും ജില്ലാ പോലീസ് സൂപ്രണ്ടിനും. അവധി കഴിഞ്ഞ് കൃത്യമായി തിരികെയെത്താത്ത തടവുകാരെ അറസ്റ്റ് ചെയ്ത് ജയിലിൽ പ്രവേശിപ്പിക്കുന്നതിന് അറിയിപ്പു നൽകാറുണ്ട്. തടവുകാരെ പരോളിൽ ഇറക്കുന്ന അവസരത്തിൽ ജാമ്യബോണ്ടിൽ ഒപ്പിടുന്ന വ്യക്തികളിൽ നിന്നും വ്യവസ്ഥകൾ പ്രകാരമുള്ള തുക ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കാറുണ്ട്. ദീർഘകാലമായി പരോളിൽ ഇറങ്ങി തടവുകാർ തിരികെ എത്താത്ത അവസരത്തിൽ ടി തടവുകാരെക്കുറിച്ചുള്ള വിവരങ്ങൾ പത്രങ്ങളിൽ പരസ്യപ്പെടുത്തുകയും ചെയ്തുവരാറുണ്ട്.

(എഫ്) ഇല്ല.

(ജി) ഉണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും പരോളിറങ്ങിയ ഒരു തടവുകാരനെതിരെ പരോൾ കാലയളവിൽ ഐ.പി.സി. 457, 451, 394, r/w34 എന്നീ വകുപ്പുകൾ പ്രകാരം കേസ്സെടുത്തിട്ടുണ്ട്. അതുപോലെ വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും പരോളിലിറങ്ങിയ ഒരു തടവുകാരൻ കളവുമായി ബന്ധപ്പെട്ട കേസിൽ ഉൾപ്പെട്ടിട്ടുണ്ട്.

ജയിലുകളിൽ സംഘട്ടനങ്ങൾ ഒഴിവാക്കുന്നതിന് നടപടി

95 (1850) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്ത് ജയിലുകളിൽ ജയിൽപ്പുള്ളികൾ തമ്മിലോ ജയിലധികാരികളുമായോ സംഘട്ടനങ്ങൾ നടന്ന എത്രയെണ്ണം സംഭവങ്ങളാണുണ്ടായിട്ടുള്ളത് ;

(ബി) ജയിലുകളിലെ ഇത്തരം സംഘട്ടനങ്ങൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുകാർ തമ്മിൽ ഒൻപത് തവണയും തടവുകാരും ജീവനക്കാരും തമ്മിൽ 3 തവണയും സംഘർഷമുണ്ടായി. തിരുവനന്തപുരം ജില്ലാ ജയിലിൽ തടവുകാർ തമ്മിൽ 5 സംഘർഷങ്ങൾ ഉണ്ടായി. തടവുകാർ സംഘടിച്ച് കലാപം സൃഷ്ടിക്കാൻ ഒരിക്കൽ ശ്രമിച്ചു. തടവുകാരൻ സ്വയം മുറിവേൽപ്പിച്ച് ഒരു തവണ സംഘർഷാവസ്ഥ സൃഷ്ടിച്ചു. ആലപ്പുഴ സ്പെഷ്യൽ സബ് ജയിലിൽ തടവുകാർ തമ്മിൽ ഒരു തവണ സംഘർഷാവസ്ഥ ഉണ്ടായി. വിയ്യൂർ സെൻട്രൽ ജയിലിൽ തടവുകാർ തമ്മിൽ ഒൻപത് സംഘട്ടനങ്ങളും തടവുകാരും ജീവനക്കാരും തമ്മിൽ രണ്ട് സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ട്. കോട്ടയം സ്പെഷ്യൽ സബ് ജയിലിൽ തടവുകാർ

LIBRARY ARCHIVES Kerala Legislative Assembly